ശ്രീ. കെ. കൃഷ്ണൻകുട്ടി : അൺ-എക്കണോമിക് സ്കൂളുകൾ നിർത്തുന്നതുകൊണ്ട് അധികവും പിന്നോക്ക വിഭാഗങ്ങൾ, പ്രത്യേകിച്ചും മുസ്ലീങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിലെ സ്കൂളുകളാണ് നഷ്ടപ്പെടുക എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അങ്ങനെയാണെങ്കിൽ അത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് പിന്നോക്കവിഭാഗങ്ങളെയാണെന്നും അറിയാമോ ?

ശ്രീ. നാലകത്ത് സൂപ്പി : ആ വക കാര്യങ്ങളൊക്കെ പരിശോധിച്ചുകൊണ്ടുതന്നെയാണ് ഗവൺമെന്റ് ആ തീരുമാനം എടുക്കാൻ പോകുന്നത്. പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, അതുപോലെതന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഇവർക്കൊക്കെ വിദ്യാഭ്യാസത്തിന് യാതൊരു പ്രതികൂലമായ അവസ്ഥയും ഉണ്ടാകരുതെന്ന് കണക്കാക്കിക്കൊണ്ടുതന്നെയാണ് ഗവൺമെന്റ് ഈ കാര്യങ്ങൾ ചെയ്യുന്നത്. ഏതായാലും വളരെ വ്യക്തമായും, നിലവിലുള്ള സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട്, ഇന്നത്തെ ഈ ചട്ടക്കൂടിൽ നിന്നുകൊണ്ട് ഏറ്റവും നന്നായി അവതരിപ്പിക്കാവുന്ന ഒരു ബഡ്ജറ്റാണിതെന്ന് പറയാതിരിക്കാതെ നിർവാഹമില്ല. ആ കാര്യത്തിൽ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ഈ ഗവൺമെന്റ് ഒരു കൊല്ലക്കാലത്തേക്ക് ചെലവ് ചുരുക്കിക്കൊണ്ട്, വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് വികസനപ്രക്രിയ നടപ്പിലാക്കുമ്പോൾ, സംസ്ഥാനത്ത് മാറ്റമുണ്ടാക്കുമ്പോൾ എല്ലാ ഭാഗത്തുനിന്നുമുള്ള ആളുകളുടെ പിന്തുണയും സഹകരണവും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു ; ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. ചന്ദ്രപ്പൻ : സർ, എന്റെ സ്നേഹിതൻ ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ ശക്തമായിട്ട് എതിർക്കുകയാണ്. വാസ്തവത്തിൽ ഈ ബഡ്ജറ്റിനെ എതിർക്കുന്ന സന്ദർഭത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് ശ്രീ. ഉമ്മൻചാണ്ടിതന്നെ വരച്ചു കാണിക്കുന്ന ഒരു ചിത്രമാണ്. അദ്ദേഹം അത് വായിച്ചുകൊണ്ടിരുന്നപ്പോൾ എന്നെ അനുസ്മരിപ്പിച്ചത് ഡോ. മൻമോഹൻ സിംഗിനെ, ഒരു മുത്തച്ഛനെയാണ്. ഒരു മുത്തച്ഛന്റെ കയ്യിലെ തള്ളവിരലിൽ പിടിച്ചുകൊണ്ട് ഉൽസവം കാണാൻ ഇറങ്ങുന്ന കൊച്ചു കുട്ടികളെപ്പോലെ അദ്ദേഹം ഒരു വിഹഗവീക്ഷണം നമ്മുടെ സാമ്പത്തികമേഖലയിലേക്ക് നടത്തി. വാസ്തവത്തിൽ എനിക്ക് ദുഃഖം തോന്നി. ഈ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളെക്കുറിച്ച് പറയുമ്പോൾ ഞാൻ കഴിഞ്ഞ തവണയും അത് പറഞ്ഞതാണ്. നമ്മുടെ സാമ്പത്തികരംഗത്തെ മിസ്മാനേജുമെന്റിന്റെ ഒരു ബാക്കി പത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളിലാകെ കാണുന്നത്. ഇവിടെയും അതിൽനിന്ന് വളരെ വ്യത്യസ്തമാണെന്ന് പറയാൻ കഴിയുകയില്ല. ശ്രീ. ഉമ്മൻചാണ്ടിതന്നെ ഈ ബഡ്ജറ്റിന്റെ ഒരു ഭാഗത്ത് (പേജ് 81) പറയുന്നുണ്ട്. "വികസന പ്രവർത്തനങ്ങൾക്കായി വായ്പ വാങ്ങുന്ന തുകപോലും വികസനേതര ചെലവുകൾക്കായി വിനിയോഗിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്". ഇതിനേക്കാൾ എന്തൊരു സാമ്പത്തിക തകർച്ചയാണ് ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഒരു ധനമന്ത്രിക്ക് ചൂണ്ടിക്കാണിക്കാൻ പറ്റുക. അതുപോലെ തന്നെ വേറൊരു ഭാഗത്ത് (പേജ് 5) പറയുന്നുണ്ട് "സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ നടപ്പുവർഷത്തെ വാർഷിക പദ്ധതി 807 കോടി രൂപയിൽനിന്നും 620 കോടി രൂപയായി പരിമിതപ്പെടുത്താൻ നാം നിർബന്ധിതരായിത്തീർന്നു" എന്ന്. ഞാൻ സമയം ചുരുക്കാൻവേണ്ടി വേറൊന്നും പറയുന്നില്ല. നമ്മുടെ സംസ്ഥാനത്ത് വാസ്തവത്തിൽ ഒരു അൺഡിക്ലയേഡ് പ്ലാൻ ഹോളിഡേ നടപ്പിലാക്കുകയാണ്.

2/1142/93/V.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് ചെയ്യുന്നത്. അത് ഈ സഭയോട് ഇവർ പറഞ്ഞില്ല, ഈ നാടിനോടും പറഞ്ഞില്ല. ഇവിടെ വമ്പിച്ച ധൂർത്തിന് റവന്യൂ വരുമാനം മുഴുവൻ ചെലവാക്കിയിട്ട് ഇപ്പോൾ പറയുകയാണ് ഞങ്ങളുടെ കയ്യിൽ കാശില്ല. വികസനത്തിനുവേണ്ടി വാങ്ങുന്ന തുകപോലും ഞങ്ങൾ ശമ്പളം കൊടുക്കാൻ കൊടുക്കേണ്ട ഒരു ഗതികേടിൽ വന്നുനിൽക്കുകയാണ് എന്ന്. ഇങ്ങനെ ഒരു ബഡ്ജററ് അവതരിപ്പിക്കുമ്പോൾ വാസ്തവത്തിൽ ഈ ഗവൺമെന്റ് അടുത്ത വർഷത്തെ പദ്ധതി എങ്ങനെ നടപ്പിലാക്കും ? അതിനുള്ള വക ഈ ബഡ്ജററിൽ കാണിച്ചിട്ടില്ല. അദ്ദേഹം ഒരു ചെറിയ തുക, ഇരുപത്താറിൽ ചില്വാനം കോടി രൂപയുടെ കമ്മി കാണിച്ചുകൊണ്ട് മിണ്ടാതെ കടന്നുപോയ ആ ഭാഗമുണ്ടല്ലോ. അദ്ദേഹത്തിന്റെ എലക്വൻറ്ലി സൈലൻറായിരുന്നു ആ ഭാഗം. ഒരു 400 കോടി രൂപയുടെ ഡഫിസിററിനെ കുറിച്ചായിരിക്കും ഈ പ്ലാനിന്റെ വകുപ്പിൽ അദ്ദേഹം ഇനി അടുത്ത തവണ നമ്മളോട് പറയാൻ പോകുന്നത്. അതുപോലെതന്നെ റേഷൻ സമ്പ്രദായം ഇവിടെ പരിഷ്ക്കരിക്കുമെന്നെല്ലാം പറയുന്നുണ്ട്. എങ്ങനെയാണ് അത് പരിഷ്ക്കരിക്കാൻ പോകുന്നത് ? അത് പരിഷ്ക്കരിച്ച് റാഡിക്കലായിട്ട് ഒരു പരിഷ്ക്കാരമാണ് നടത്തുന്നതെങ്കിൽ ഈ സംസ്ഥാനം എന്നും അഭിമാനിച്ചിരുന്ന ഒരു റേഷൻ സമ്പ്രദായം നമുക്കില്ലാതെ പോകും. അതല്ലെങ്കിൽ അതിനുള്ള ചെലവ് ഇപ്പോൾ 160 കോടി രൂപയാണ്. എത്ര പരിഷ്ക്കരിച്ചാലും ഒരു 100 കോടി രൂപയെങ്കിലും വകകൊള്ളിക്കണ്ടേ ഈ റേഷൻ നടപ്പിലാക്കാൻ. എന്നാൽ മാത്രമേ ഇവർ കൊടുക്കുന്ന സബ്സിഡി നിലനിർത്താനാവൂ. ഈ ബഡ്ജററിൽ അതിനുള്ള പ്രൊവിഷൻ ഇല്ല. അങ്ങനെ പലതിനുമുള്ള പ്രൊവിഷൻ കാണിക്കാതെ അതെല്ലാം മറച്ചുവച്ചുകൊണ്ട് ഈ സഭയെ വഴി തെററിക്കാനാണ് നമ്മുടെ ധനകാര്യ മന്ത്രി ശ്രമിച്ചത്. അത് വളരെ ഡിസ്ഹോണസ്ററി ആണ്. ഞാൻ കഴിഞ്ഞ തവണ ബഡ്ജററിനെക്കുറിച്ച് പറഞ്ഞു, ഇൻറലക്ച്വൽ ഡിസ്ഹോണസ്ററി എന്ന്. ഇത്തവണ ഈ ബഡ്ജററിനെക്കുറിച്ച് പറയേണ്ടത് ഇൻറലക്ച്വൽ ബാങ്ക്റപ്ററ്സി എന്നാണ്., അതുപോലെതന്നെ ഇവിടെ ക്ഷേമ പദ്ധതികൾ, പെൻഷൻ പദ്ധതികൾ എല്ലാം ഉണ്ട്. അദ്ദേഹം ഈ ബഡ്ജററിൽ പറഞ്ഞത് എന്താണ് ? അതൊക്കെ ഇപ്പോൾ കൊടുക്കാൻ കഴിയുന്നില്ല. അതൊക്കെ വെറും കടലാസ് പദ്ധതികളായി മാറിപ്പോകുകയാണ് ചെയ്യുന്നത്. പുതിയ പദ്ധതികൾ ഉണ്ടാകുകയില്ല. അദ്ദേഹം ഒരുപക്ഷേ ഡോ. മൻമോഹൻ സിംഗിന്റെ വിരലിൽ പിടിച്ചുനിൽക്കുന്ന ഒരു കുട്ടിയെപോലെ നടക്കുന്നതുകൊണ്ടായിരിക്കണം ഇങ്ങനെ പറഞ്ഞത്. അദ്ദേഹം ഇപ്പോൾ പറഞ്ഞതെന്താണ് ? ഇവിടത്തെ സർക്കാർ ജീവനക്കാർക്ക് അദ്ദേഹം ഒരു ഗോൾഡൻ ഹാൻറ്ഷേക്ക് വാഗ്ദാനം ചെയ്തിരിക്കുകയാണ്. ഈ ഗോൾഡൻ ഹാൻറ്ഷേക്ക് നമ്മുടെ ധനകാര്യമന്ത്രിക്ക് മനസ്സിലാകുമെന്നാണ് എന്റെ വിചാരം. ഇപ്പോൾ ഐ.എം.എഫ്. നമുക്ക് തന്ന ഒരു ഫ്രെയിസോളജി ആണിത്. അതായത് ഇഷ്ടമില്ലാത്ത ജീവനക്കാരെ പിരിച്ചുവിടുമ്പോൾ അവർക്ക് നഷ്ടപരിഹാരം കൊടുത്ത് പിരിച്ചുവിടാനുള്ള ഏർപ്പാട് ഇവിടെ നടപ്പിലാക്കാൻ പോകുകയാണ് നമ്മുടെ സർവ്വീസിൽ. അതുപോലെതന്നെ അൺ-എക്കണോമിക് ആയിട്ടുള്ള സ്കൂളുകൾ അടച്ചുപൂട്ടുന്നു. ആ സ്കൂളുകൾ അടച്ചുപൂട്ടുമ്പോൾ ആ സ്ററാഫിന് എന്ത് സംഭവിക്കും ? അവരെ സർക്കാരിലേക്ക് അബ്സോർബ് ചെയ്യാൻ പോകുകയാണോ ? ഇവിടെ ശ്രീ. നാലകത്ത് സൂപ്പി അതിനെ പ്രകീർത്തിക്കുന്നതു കേട്ടു. അവരെ സർക്കാരിലേക്ക് അബ്സോർബ് ചെയ്യുകയാണെങ്കിൽ അതിന്റെ പേരിൽ പുതിയ നികുതി നമ്മൾ കൊടുക്കേണ്ടിവരും; അവരെ പോററുന്നതിന്. പ്രൈവററ് സ്കൂളുകളാണ് കൂടുതൽ. മറിച്ച് സ്കൂളുകൾ

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്ന ഇപ്പോഴത്തെ സ്ഥലം ബോംബെയിലെ വൻകിട ഫാക്ടറിക്കാരാണ് പണ്ട് ഇതൊക്കെ ചെയ്യാറുള്ളത്. ഫാക്ടറി എങ്ങനെയെങ്കിലും ഒന്ന് അടച്ചുപൂട്ടി ഫാക്ടറിയിൽനിന്ന് രക്ഷപ്പെട്ടുകഴിഞ്ഞാൽ പ്രൈം ലാൻറിൽ നിൽക്കുന്ന ബോംബെയിലെ ഭൂമി വിററ് അവർ കാശുണ്ടാക്കുമായിരുന്നു. നമ്മുടെ ഈ സംസ്ഥാനത്ത് ഏതാണ്ട് 500-ലേറെ (600-ഓളം) സ്കൂളുകൾ ഇങ്ങനെ അടച്ചുപൂട്ടുമ്പോൾ അവിടത്തെ മാനേജുമെൻറ് അതിൻെറ പ്രൈം പ്രോപ്പർട്ടിയിൽ ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാക്കി കാശുണ്ടാക്കുമോ സർ ? ഈ സർക്കാർ അതിനുവേണ്ടി കൂട്ടുനിൽക്കുകയാണോ ? എനിക്ക് അറിഞ്ഞുകൂടാ. എന്താണെന്ന് അദ്ദേഹം വിശദമാക്കേണ്ടതാണ്. ഇത്തരത്തിലുള്ള ഒരുപാട് കാര്യങ്ങൾ ഇതിനകത്ത് ചൂണ്ടിക്കാണിക്കാൻ സാധിക്കും.

മറ്റൊന്ന് പറയുകയാണെങ്കിൽ ഇവിടെ തൊഴിലില്ലായ്മ വളരെയധികം വളർന്നിരിക്കുകയാണ്. 3 ലക്ഷം തൊഴിലില്ലായ്മ ഈ ഗവൺമെൻറിൻെറ ഒരു വർഷം തികയാത്ത ഭരണത്തിന് അതിൻെറ അക്കൗണ്ടിൽ ചേർക്കാൻ കഴിയും. 34 ലക്ഷമായിരുന്നത് 37 ലക്ഷമായിക്കഴിഞ്ഞു. അവിടെ നിന്നുകൊണ്ടാണ് അദ്ദേഹം ഒരു ബഡ്ജററ് അവതരിപ്പിക്കുന്നത്. എല്ലാററിനും വിലകൂടും. ഇവിടെ കൂടുതൽ തൊഴിലില്ലായ്മ വളർന്നുവരും, നമ്മുടെ നാട്ടിലുള്ള തൊഴിൽപോലും നഷ്ടപ്പെട്ട് ആളുകൾ തെരുവാധാരമാകുന്ന സ്ഥിതിവിശേഷം ഈ ബഡ്ജററിൻെറ കാലയളവിൽ ഇവിടെ ഉണ്ടാകും. അതാണ് ബഡ്ജററിനെ എതിർക്കാൻ ഞങ്ങളെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ. മറ്റൊന്ന് കേട്ടാലൊരു സ്റ്റൈലാണ്, ഇപ്പോൾ black cat കളുടെ ഒക്കെ കാലമായതുകൊണ്ടായിരിക്കും ഇവിടെ വി. ഐ. പി. കളെ പ്രൊട്ടക്ട് ചെയ്യാനായിട്ട് നമുക്ക് നമ്മുടേതായ ഒരു വെർഷൻ, black cat-നെ കൊണ്ടുവരുന്നു. എന്തിനാണാവോ ? ഇതിനകംതന്നെ നാട്ടുകാരെ തല്ലി നട്ടെല്ലൊടിച്ച് ഈ രാജ്യത്ത് ഒരു പോലീസ് രാജ് നടത്തുന്ന സർക്കാരിൻെറ ധനകാര്യവകുപ്പുമന്ത്രി പറയുകയാണ് ഇനി ഞങ്ങൾ കൂടുതൽ മർദ്ദനസംവിധാനങ്ങൾ വളർത്തിക്കൊണ്ടുവരാൻ പോകുന്നുവെന്ന്. നമുക്ക് ആവശ്യമില്ല, സർ. ഈ കാര്യങ്ങളൊക്കെയാണ് ഈ ബഡ്ജററിനെ എതിർപ്പിക്കാൻ പ്രേരിപ്പിക്കുന്നത്.

ശ്രീ. ഉമ്മൻചാണ്ടിയെക്കുറിച്ച് പറയുമ്പോൾ, അദ്ദേഹം ഒരു കവിതയോടുകൂടിയാണല്ലോ സംസാരം അവസാനിപ്പിച്ചത്. ഷെല്ലിയുടെ കവിത. ഷെല്ലിയുടെ കവിതയെക്കുറിച്ച് കൂടുതൽ അറിയാനായിട്ട് നമുക്കൊക്കെ കഴിഞ്ഞിട്ടുള്ളതാണ്, നമ്മുടെ ചെറുപ്പകാലത്ത്. ശ്രീ. ഉമ്മൻചാണ്ടിയെ ചെറുപ്പംമുതലേ എനിക്കറിയാം. ശ്രീ. ഉമ്മൻചാണ്ടിയെ കാണുമ്പോൾ എനിക്ക് തോന്നിയിട്ടുള്ളത് അദ്ദേഹത്തിൻെറ കണ്ണുകൾ സ്വപ്നം കാണുന്ന കണ്ണുകളാണ് എന്നാണ്, ഇപ്പോഴും അതിന് വലിയ മാററമില്ല. അങ്ങനെ സ്വപ്നം കാണുന്ന കണ്ണുകളുമായി ശ്രീ. ഉമ്മൻ ചാണ്ടി ഡോ. മൻമോഹൻസിംഗിൻെറ കൈപിടിച്ച് ലോകം കാണാൻ ഇറങ്ങിയിട്ട് ഇവിടെ വന്ന് നമ്മളോട് ഷെല്ലിയുടെ കാൽപ്പനികത്വത്തിൻെറ കവിത, റൊമാൻറിസത്തിൻെറ കവിത പാടുമ്പോൾ ഒരു റൊമാൻറിക് ശൈലിയിലാണ് മി. ഉമ്മൻ ചാണ്ടി ; അങ്ങ് ജീവിക്കുന്നത്. യാഥാർത്ഥ്യത്തിൽനിന്ന് വളരെ വളരെ വിദൂരതയിലാണ്, ആ കാര്യം പറയാൻ സന്തോഷമേയുള്ളൂ. അങ്ങ് അത് കേൾക്കും. അങ്ങേക്ക് ഞാൻ വേറെ ഒരു കൊട്ടേഷൻ കേൾപ്പിക്കട്ടെ. ഇത് കാല്പനിക കവിയൊന്നുമല്ല. ജീവിതയാർത്ഥ്യങ്ങളൊക്കെ നന്നായി മനസ്സിലാക്കി നിങ്ങളുടേയും എൻേറയും ഒക്കെ ആരാധന പിടിച്ചുപററിയിട്ടുള്ള മഹാത്മാഗാന്ധി പറഞ്ഞ കാര്യമാണ്. അപ്പുറത്തുള്ള ഒരുപാട് ആളുകൾക്ക് ഞാൻ ഇത് പറയുന്നത് ഇഷ്ടപ്പെടുകയില്ലെന്നറിയാം. ഒരു കാര്യം ചെയ്യാൻ പോകുമ്പോൾ അത് ശരിയാണോ തെററാണോ എന്നറിയാൻ

മഹാത്മാഗാന്ധി പറഞ്ഞു, ഞാൻ ഒരു ഉരകല്ല് നിങ്ങൾക്ക് സംഭാവന ചെയ്യാമെന്ന്. ആ ഉരകല്ലിൽ ഉരച്ചുനോക്കിയാൽ ശരിയാണോ തെററാണോ നിങ്ങൾ ചെയ്യുന്നതെന്ന് അറിയാൻ കഴിയും. മഹാത്മാഗാന്ധി പറഞ്ഞത് ഇങ്ങനെയാണ്. എന്തെങ്കിലും ചെയ്യാൻ പുറപ്പെടുന്നതിന് മുമ്പ്, ശ്രീ. ഉമ്മൻ ചാണ്ടി ബഡ്ജററ് അവതരിപ്പിക്കുന്നതിനുമുമ്പ്, നിങ്ങൾ കണ്ടിട്ടുള്ള ഏററവും വലിയ ദരിദ്ര നാരായണനെ—അതാണ് അദ്ദേഹം ഉപയോഗിച്ച വാക്ക്—ഒന്ന് ഓർക്കുക. ശ്രീ. ഉമ്മൻ ചാണ്ടിയോടു പറയട്ടെ, രണ്ടു നിമിഷം കണ്ണടച്ച് ഒരു ധ്യാനത്തിലിരുന്ന് അവനെ ഓർക്കുക. നിങ്ങൾ ചെയ്യുന്നതിന്റെ ഫലം അവന് ഗുണം ചെയ്യുകയാണെങ്കിൽ ഗാന്ധിജി പറഞ്ഞു, നിങ്ങൾ ചെയ്യുന്നത് ശരി. നിങ്ങൾ ചെയ്യുന്നതിന്റെ ഫലം അവന് ദോഷം ചെയ്യുകയാണെങ്കിൽ ഗാന്ധിജി പറഞ്ഞു, ഉമ്മൻചാണ്ടി നിങ്ങൾ അത് ചെയ്യരുത്. അത് തെററാണ് എന്ന്. ശ്രീ. ഉമ്മൻചാണ്ടി ഒന്ന് ആലോചിച്ച് നോക്കണം, രണ്ട് നിമിഷം കണ്ണടച്ച് ഇരുന്നുകൊണ്ട് ഈ ബഡ്ജററിലെ നിർദ്ദേശങ്ങൾ നമ്മുടെ സംസ്ഥാനത്തെ ദരിദ്രനാരായണൻമാരെ, പാവങ്ങളെ എങ്ങനെ ബാധിക്കുമെന്ന കാര്യം ആലോചിച്ച് നോക്കിയാൽ എനിക്ക് തോന്നുന്നില്ല ബഡ്ജററിലെ നിർദ്ദേശങ്ങളെ ന്യായീകരിക്കാൻ ശ്രീ. ഉമ്മൻചാണ്ടിക്ക് കഴിയുമെന്ന്.

മററൊന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ കാര്യങ്ങൾ നിറുത്തുകയാണ്. അതായത് ശ്രീ. ഉമ്മൻചാണ്ടി വായിച്ചു കാണും, അങ്ങ് തീർച്ചയായിട്ടും വായിച്ചു കാണും 'കാസാബിയാങ്ക on the burning deck' എന്ന കഥ. കാസാബിയാങ്കയെ അനുസ്മരിപ്പിക്കുന്നു ഞാൻ. ഡോ. മൻമോഹൻ സിംഗ് എന്ന മുത്തച്ഛൻ അങ്ങയെ കൊണ്ടുവന്ന് ഒരു കപ്പലിന്റെ മുകളിൽ നിറുത്തിയിരിക്കുകയാണ്. എന്നിട്ട് ഡോ. മൻമോഹൻ സിംഗ് പറഞ്ഞു, ശ്രീ. ഉമ്മൻ ചാണ്ടി, ഇവിടെനിന്ന് നീ മാറരുത്. ഇവിടെത്തന്നെ നിന്നോളൂ എന്ന്. ആ കപ്പലിൽ തീ പിടിക്കുകയാണ്. ആ കപ്പലിൽ തീ പിടിച്ചപ്പോൾ അനുസരണയോടെ അവിടെനിന്ന് ആ തീയിൽ ചാമ്പലായ കാസാബിയാങ്ക ചരിത്രത്തിൽ യുഗങ്ങളിലൂടെ ജീവിക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടി ഈ കൂട്ടുകെട്ടിൽ നിന്നാൽ ഡോ. മൻമോഹൻ സിംഗ് ഈ രാജ്യമാകുന്ന കപ്പലിനെ, അതിന്റെ സാമ്പത്തിക പരമാധികാരം വിദേശശക്തികൾക്ക് അടിയറ വച്ച് നമ്മുടെ രാജ്യത്ത് നെഹ്റുവും ഗാന്ധിജിയും ഒക്കെ സങ്കൽപ്പിച്ച ഒരു പുതിയ ജീവിതത്തിന് തീ പിടിപ്പിക്കും. ശ്രീ. ഉമ്മൻചാണ്ടി ആ തീയിൽ കാസാബിയാങ്കയെപ്പോലെ നിന്ന് കത്തി പോകുമ്പോൾ എനിക്ക് എന്റെ സുഹൃത്ത് കത്തിപ്പോയല്ലോഎന്ന് സങ്കടം തോന്നും. നിങ്ങൾ കാസാബിയാങ്കയെ അനുസ്മരിപ്പിക്കുന്നു എന്ന കാര്യം ഞാൻ പ്രത്യേകം പറയേണ്ടതുണ്ടോ ? ഈ ബഡ്ജററിൽ അദ്ദേഹം നിർദ്ദേശിച്ചിട്ടുള്ളത്, ഈ സാമ്പത്തിക സർവ്വേയിൽ നമ്മുടെ സാമ്പത്തികസ്ഥിതി വിവരിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നത് In page 3, "Bold and innovative policies and measures are necessary to contain expenditure, raise resources and increase the efficiency of use of resources" എന്നാണ്. അത് വായിച്ചുകാണുമല്ലോ. ആ ഭാവനയും ആ തൻേറടവും ഒന്നും ഇതിനകത്ത് കാണുന്നില്ല. അങ്ങ് നിർദ്ദേശിച്ച ആ ഇക്കണോമി പ്രോഗ്രാമുണ്ടല്ലോ, ഇവിടെ ഒരുപാട് പറഞ്ഞു കഴിഞ്ഞതാണ്, വലുതായിട്ട് ഒന്നും നടക്കുമെന്ന് എനിക്ക് തോന്നുന്നില്ല

നമ്മൾ ഇപ്പോൾ നേരിടുന്ന സാഹചര്യം എന്താണ് ? നിങ്ങളുടെ ക്യാബിനററിന്റെ നേതാവ്, നിങ്ങളുടെ ലീഡർ, മുഖ്യമന്ത്രി—ആ മുഖ്യമന്ത്രി മൂക്കററം അഴിമതിയിൽ മുങ്ങിനിൽക്കുന്ന ഒരു കാഴ്ചയാണ് നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നത്. അങ്ങ് വായിച്ചുകാണും. ഞാൻ ചിലത് നേരിൽ കണ്ടിട്ടുണ്ട്, വായിച്ചിട്ടുണ്ട്. പാർലമെൻറിൽ Pondichery Licence Scandal-നെക്കുറിച്ച് എൽ.എൻ. മിശ്ര ഉൾപ്പെടെ ആ വമ്പിച്ച licence scandal-നെപ്പററി ചർച്ച ചെയ്യുമ്പോൾ, ഞാൻ പാർലമെൻറിൽ ഉണ്ടായിരുന്നു. ഇന്ന് ടേബിളിൽ വച്ചിട്ടുള്ള ഫയലുകളിൽ കാണുന്ന എവിഡൻസിൻെറ നൂറിൽ ഒരംശം പോലും ഉണ്ടായിരുന്നില്ല അന്നത്തെ ആ കടലാസുകളിൽ. എന്നിട്ടും, ശ്രീമതി ഇന്ദിരാഗാന്ധിയോട് ഒരായിരം അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും എനിക്ക് പറയാൻ കഴിയും, എത്ര തൻേറടത്തോടെ, എത്ര ആത്മാർത്ഥതയോടെ ആ ചർച്ച നടത്തി പാർലമെൻറിൽ അതൊരു വലിയ scandal ആണെന്ന് തെളിയിച്ചു. നിങ്ങളൊക്കെ ആരാധിക്കുന്ന രാജീവ് ഗാന്ധിയെ കുറിച്ച് എനിക്ക് ചിലപ്പോൾ ആരാധന കുറച്ച് കുറഞ്ഞിരിക്കും. ആ രാജീവ് ഗാന്ധിയുടെ അച്ഛൻ ആണല്ലോ Mundra ഇടപാടുകൾ വെളിച്ചത്ത് കൊണ്ടുവന്ന്, ആ കേസ് പാർലമെൻറിൽ കൊണ്ടുവന്നത്. പാർലമെൻറിൻെറ റിക്കാർഡുകൾ എടുത്തുനോക്കൂ. പണ്ഡിററ് ജവഹർലാൽ നെഹറു ആയിരുന്നല്ലോ പ്രധാനമന്ത്രി. തൻെറ ക്യാബിനററിലെ 2-ാം സ്ഥാനീയനായ ധനകാര്യമന്ത്രി ശ്രീ. ടി. ടി. കൃഷ്ണനാചാരിയുടെ തലതെറിക്കുമെന്ന് നിശ്ചയമുണ്ടായിരുന്നിട്ടും, അന്ന്, ഫിറോസ് ഗാന്ധി ആരോപണം ഉന്നയിച്ചപ്പോൾ രേഖകൾക്കുവേണ്ടി തെരഞ്ഞില്ല, ഫയലുകൾക്കു വേണ്ടി തെരഞ്ഞില്ല. അത്തരമൊരു ആരോപണം വന്നാൽ ആ ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്ന ധർമ്മബോധമായിരുന്നു അന്ന് ഈ രാജ്യത്തെ നയിച്ചിരുന്ന നേതാക്കൻമാർക്ക് ഉണ്ടായിരുന്നത്. രൂപയുടെ ഡീവാലുവേഷൻ നടത്തിയപ്പോൾ ധാർമ്മികമൂല്യങ്ങളെകൂടി ഡീവാല്യു ചെയ്തിട്ടാണ്, ഇപ്പോൾ, ഇന്നത്തെ ഭരണാധികാരികൾ ഇവിടെയിരിക്കുന്നതെന്ന് ഞാൻ പറയുന്നത് വെറുതെയല്ല. ഇവിടെ ഉള്ളത് അൽപ്പം രഹസ്യമായി വച്ചിട്ടുള്ള ഒരു രേഖയാണല്ലോ. ഫോട്ടോസ്ററാററ് എടുക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ എല്ലാം എഴുതി എടുക്കുകയാണ് ചെയ്തത്. അതിൽ പറഞ്ഞിരിക്കുന്നത് എന്താണ്? ഒന്നുരണ്ട് കാര്യങ്ങൾ ഞാൻ ചോദിക്കട്ടെ. 27-ാം തീയതി ശ്രീ. ഉമ്മൻചാണ്ടി ഉൾപ്പെടെയുള്ളവർ ക്യാബിനററ് ചേർന്നു. അവിടെയാണല്ലോ ആ കുപ്രസിദ്ധമായ തീരുമാനം എടുത്തത്, പവർ ആൻറ് എനർജി കമ്പനിക്ക്, സിംഗപ്പൂർ ബേസ്ഡ് കമ്പനിക്ക്, പാമോലിൻ ഡീൽ കൊടുക്കാൻ തീരുമാനിച്ചത്. എന്നാൽ ഈ നോട്ട് 26-11-1992-നാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ മാനേജിംഗ് ഡയറക്ടർ ശ്രീ. ജിജി തോംസൺ എഴുതിയിരിക്കുന്നത്. ശ്രീ. ഉമ്മൻചാണ്ടി ഉൾപ്പെടെയുള്ളവർ ക്യാബിനററിൽ ഇരിക്കുന്നതിന് ഒരു ദിവസം മുൻപ്. ആ നോട്ടിൽ പറയുന്ന കഥ തുടങ്ങുന്നത് നവംബർ മാസം 18-ാം തീയതിയാണ്. നവംബർ 18-ാം തീയതി അദ്ദേഹം, ജിജി തോംസൺ തിരുവനന്തപുരത്ത് വന്നപ്പോൾ ആണ് ഇന്ന് ഒരു വിവാദ കഥയിലെ നായകനായിത്തീർന്നിരിക്കുന്ന സഖറിയാ മാത്യു അദ്ദേഹത്തിൻെറ കൈയിൽ കടലാസുകൾ കൊടുത്തത്. I am quoting from the Note No. JI-17391/91. "During my visit to Trivandrum on 18th November 1991, the Chairman had personally handed over some papers for additional allotment of Palmolein under the Government of India Scheme of direct import of edible oil for public distribution system. 18-ാം തീയതി ഈ കഥ തുടങ്ങുന്നു. എന്നിട്ട് താഴോട്ട് വരുമ്പോൾ ഈ നോട്ടിൽ പറയുകയാണ്. As the Government of Kerala have already........" ആൾറെഡിക്ക് ഏഴര പ്രാവശ്യം അടിവരയിടട്ടെ. "As the Government of Kerala have already decided to appoint M/s Power and Energy

LIBRARY ARCHIVES Kerala Legislative Assembly

Private Limited to act as our agent for supplying Palmolein we have to enter into an agreement with the above said firm". We have to enter, no choice, you never knew that. ഉമ്മൻചാണ്ടി ഉറങ്ങുകയായിരുന്നിരിക്കും അപ്പോൾ. അല്ലെങ്കിൽ ഉമ്മൻചാണ്ടി എവിടെയോ ആയിരുന്നിരിക്കും. ക്യാബിനററിനുള്ള നോട്ട് അപ്പോൾ അദ്ദേഹത്തിന് കിട്ടിയിരുന്നില്ല. പക്ഷെ ഇവിടെ എഴുതിയിരിക്കുന്നു, already the Government of Kerala have decided and we have no other choice. ഇത് ഈ ഫയലിൽ പറയുന്ന ഒരു കാര്യമാണ്.

സർ, മറെറാരു കാര്യം വളരെ തമാശ തോന്നും, പക്ഷെ ലജ്ജിച്ച് തല താഴ്ത്തേണ്ടി വരുന്ന കാര്യമല്ലേ? "Though I am not aware of the bona fides of this firm". സർക്കാർ തീരുമാനിച്ച കമ്പനിയെപ്പററിയാണ് പറയുന്നത്. "Though I am not aware of the bona fides of this firm I am given to understand............"

I don't know who has given him.
"I am given to understand that they are the agents for Tamilnadu and Karnataka and many other Indian States for the very some purpose". പീലാത്തോസ് കൈ കഴുകിയെന്ന് പറയുന്നത് ഇത്രയും ഭംഗിയായിട്ടില്ല. ഇത്രയും ഭംഗിയിൽ പീലാത്തോസിന് ചെയ്യാൻ കഴിഞ്ഞില്ല. അദ്ദേഹം ന്യായമാണ് ചെയ്തത്. ഒരു ഉദ്യോഗസ്ഥൻ ചെയ്യേണ്ടത് ചെയ്തുവെന്നേ ഞാൻ പറയുന്നുള്ളു. എന്നാൽ ഈ മുഖ്യമന്ത്രി ഈ ക്യാബിനററിന്റെ മുന്നിൽനിന്ന് ഈ വസ്തുതകളെല്ലാം ഒളിച്ചു വച്ചില്ലേ? ഈ ക്യാബിനററിനെ വെറും ഒരു റബ്ബർസ്ററാമ്പാക്കി അദ്ദേഹം ഉപയോഗിച്ചില്ലേ? നമ്മുടെ ജനാധിപത്യത്തിന് അങ്ങനെയൊരു കീഴ്വഴക്കമുണ്ടോ? ഇതിനകത്ത് ജനാധിപത്യ മര്യാദയുടെ ഒരു എലിമെൻറു പോലുമില്ലാതെ ഈ ക്യാബിനററിനെ അദ്ദേഹം ഒരു റബർസ്ററാമ്പാക്കി മാററിയെന്നത് ഒരു ദയനീയമായ വസ്തുതയാണ്. ഇങ്ങനെയാണ് ഈ ഇടപാട് തുടങ്ങുന്നത്. കർണ്ണാടക തുടങ്ങിയുള്ള മററു പല സ്റേററുകളുടെയും ഏജൻറ് ഇവർതന്നെ ആയിരുന്നുവെന്ന് ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. ഇനി അതിന്റെ വിവരങ്ങൾ പറയുമ്പോഴാണ് വേറെ കാര്യങ്ങളിലേക്ക് വരുന്നത്. ഒരു എക്സ്ട്രാ കോൺസ്ററിററ്യൂഷണൽ അതോറിററി, ഭരണഘടനാതീതമായ ഒരു ശക്തി—ഈ കാര്യങ്ങൾ ചെയ്യേണ്ടത് ഈ ക്യാബിനററാണ്—പക്ഷെ ഭരണഘടനാതീതമായ ഒരു ശക്തി ക്യാബിനററിനെ അന്ധകാരത്തിൽ നിറുത്തിക്കൊണ്ട്, ഈ ക്യാബിനററിനെ വെറും റബർസ്ററാമ്പാക്കി മാററിക്കൊണ്ട് അവരുടെ പുറകിലൂടെ എല്ലാ കാര്യങ്ങളും ചെയ്തുവെന്നാണ് എന്റെ കേസ്. ഒരു കോക്കസ്—ആ കോക്കസിന്റെ നേതാവ് മററാരും അല്ല. കേരള മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ആണ്. ആ കോക്കസിലെ ഒന്നാം നമ്പർ മെമ്പർ നമ്മുടെ ചീഫ് സെക്രട്ടറി, പത്മകുമാർ. അതിലെ രണ്ടാമത്തെ മെമ്പർ സഖറിയാ മാത്യു. ഈ മൂന്ന് അംഗങ്ങൾ അടങ്ങുന്ന കോക്കസ്. ഇനിയും വില്ലൻമാർ ഉണ്ടോ? സർ, ഞാൻ ഇനി ഒരു രേഖയ്ക്കുംവേണ്ടി ചോദിക്കുന്നില്ല. പ്രൈമാ ഫാസി കേസ് എസ്ററാബ്ലിഷ് ചെയ്തിട്ടുണ്ട് കിട്ടിയിടത്തോളം രേഖകൾ. അതുകൊണ്ട് ഞാൻ നേരത്തെ പറഞ്ഞ കാര്യം ഒന്നുകൂടെ ആവർത്തിക്കട്ടെ, ഈ സംസ്ഥാനത്ത് ഇത്തരം ഡീൽ നടത്തുമ്പോൾ കേന്ദ്രത്തിലേക്ക് എഴുതിയ കത്തുകളാണെങ്കിലും സംസ്ഥാന ക്യാബിനററിന് എഴുതിയ കത്തുകളാണെങ്കിലുമൊക്കെ കാര്യങ്ങളെല്ലാം ഒളിച്ചുവച്ച് അദ്ദേഹം ഭംഗ്യന്തരേണ കാര്യങ്ങൾ ചെയ്യുകയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇതിനകത്ത് പറഞ്ഞിട്ടുള്ള തമിഴ്നാട് ഗവൺമെൻറ്, ജയലളിത എന്താണ് പറഞ്ഞിരിക്കുന്നത് ? ജയലളിതയ്ക്കുള്ള പ്രാധാന്യം കേന്ദ്രഗവൺമെൻറിനെ നിലനിറുത്തുന്ന വോട്ട് കൊടുക്കുന്നുവെന്നുള്ളതാണ്. ജയലളിത പറഞ്ഞിരിക്കുന്നത്, "A proposal for permitting Power and Energy Private Limitted, a singapore based company, to supply about 3 lakh metric tonnes of Palmolein to India and accept the sale proceeds in the Indian rupees for the public distribution. സർ, 26-ാം തീയതി ജയലളിത അങ്ങനെയൊരു മെസേജ് അയയ്ക്കുന്നു. 26-ാം തീയതി ഇവിടെ ഇത്തരമൊരു ഏർപ്പാടിന് ക്യാബിനററിന്റെ പിന്നിൽക്കൂടെ തീരുമാനമെടുക്കുന്നു. ഈതീരുമാനങ്ങളൊക്കെ എടുക്കുമ്പോൾ അതിനകത്ത് വിലയുടെ ഒരു കാര്യം മാത്രം പറയുന്നില്ല. ഞാൻ ഈ കോൺട്രാക്ട് ആക്ട് ഒന്നുകൂടെ വായിച്ചുനോക്കി. പണ്ട് വായിച്ചിട്ടുള്ളത് പോരല്ലോ ? ഒരു കോൺട്രാക്ടിൽ ഇടപെടുമ്പോൾ ആ കോൺട്രാക്ടിൽ ഇടപെടുന്ന കക്ഷികൾ പാലിക്കേണ്ട ചില മര്യാദകളുണ്ട്. ആ മര്യാദകളിൽ ഏററവും പ്രധാനപ്പെട്ടത് ആ കോൺട്രാക്ടിൽ വിലയെപ്പററിയുള്ള ഒരു സൂചനയുണ്ടാകണം. ഞാൻ സാറിന്റെ അടുക്കൽ വന്ന് സാറിന് ഞാൻ ഇന്നത് തരാം, എനിക്ക് 15 ശതമാനം കമ്മീഷൻ തന്നാൽ മതിയെന്ന് പറഞ്ഞാൽ സർ, ഉടനെ സമ്മതിക്കുമോ ? എന്ത് വിലയ്ക്ക് തരുമെന്നുള്ള ചോദ്യം നാചുറൽ അല്ലേ ? ആ കൺസിഡറേഷന്റെ കാര്യം വരുമ്പോഴാണ് ഇതിനകത്ത് ഒരു കളി കാണേണ്ടത്, ഇവിടെ പറഞ്ഞിരിക്കുന്നത് എന്താണ് ? Regarding the price as you are aware, palmolein is volatile and too sensitive. നമ്മളെയൊക്കെ ഭയപ്പെടുത്താനാണ്. Volatile and sensitive. The price fluctuates daily. ഡെയ്ലി ഫ്ളക്ച്യുവേററ് ചെയ്യാത്ത എന്ത് പ്രൈസ് ഉണ്ട്. കോക്കനട്ട് ഓയിലിന്റെ പ്രൈസ് ഡെയ്ലി ഫ്ളക്ചുവേററ് ചെയ്യും, സ്വർണ്ണത്തിന്റെ വിലയും ഡെയ്ലി ഫ്ളക്ചുവേററ് ചെയ്യും, റബ്ബറിന്റെയും ഫ്ളക്ചുവേററ് ചെയ്യും. ഇതൊന്നും പുതിയ കാര്യമല്ല. പക്ഷെ നമുക്ക് ഇത് തരാമെന്ന് പറയുന്ന ആ കമ്പനിയുണ്ടല്ലോ, കരുണാകരന്റെ പ്രിയപ്പെട്ട കമ്പനി, അവരുടെ അഡ്വാന്റേജിനുവേണ്ടി പ്രൈസിനെപ്പററിയുള്ള ഭാഗങ്ങൾ വേറായി എഴുതിച്ചേർത്തു. It fluctuates daily. It is stated that the offers are normally valid only for the day they are offered. We understand that STC has been getting offers indicating CIF quotas daily through their branch offices in Singapore-Malasia. Hence we suggest that we will take indicative prices from STC and our purchase price shall not exceed that indicative price on the day we conclude the purchase.

സർ, ഇത് പറയുന്നതിന്റെ അർത്ഥം ആ കമ്പനിക്ക് സഹായകമായ വിധത്തിൽ നമ്മൾ പർച്ചേസ് നോംസ് തീരുമാനിച്ചുവെന്നാണ്. എന്നാൽ ഇത്രയും കോടിക്കണക്കിന് രൂപയുടെ ഒരു ഇടപാട് നടത്തുമ്പോൾ ഒരു സാമാന്യ മര്യാദയില്ലേ ? ഒരു ടെൻഡർ വിളിക്കുക. നിങ്ങൾ ഇപ്പുറത്തായിരുന്നപ്പോൾ അപ്പുറത്തുണ്ടായിരുന്നവർ ഞങ്ങൾ ഒരു കൊച്ചുകാര്യത്തിന് ടെണ്ടർ വിളിച്ചില്ലെങ്കിൽ, നിങ്ങൾ ഒരുപാട് ബഹളങ്ങളുണ്ടാക്കുമായിരുന്നല്ലേ ? ഒരു ടെണ്ടർപോലും വിളിക്കാത്തതിന് നമ്മുടെ മുഖ്യമന്ത്രി പറയുന്ന ന്യായം, കേരളത്തിന്റെ അത്യാവശ്യം, പാമോലിൻ ഇല്ലാതെ കുഴയുന്നത് ഒഴിവാക്കുക അത്യാവശ്യമാണ് എന്നാണ്. ദീപാവലിയും സംക്രാന്തിയും ഒക്കെ പറഞ്ഞുവെങ്കിലും ഈ ഡീൽ ഫൈനലൈസ് ചെയ്യുമ്പോൾ മാസങ്ങൾ കഴിഞ്ഞു. വേണമെങ്കിൽ ഗ്ളോബൽ ടെണ്ടർ വിളിച്ച് കാര്യങ്ങൾ നടത്താനുള്ള സമയമുണ്ടായിരുന്നു. 26-ാം തീയതി തന്നെ, ക്യാബിനററ്

LIBRARY ARCHIVES Kerala Legislative Assembly

കൂടുന്നതിന്റെ തലേദിവസം തന്നെ നളിൻ എന്നു പറയുന്ന കമ്പനിയുടെ മെസേജ് നിങ്ങൾക്ക് കിട്ടിയിരുന്നതാണല്ലോ ? ചീഫ് സെക്രട്ടറിക്ക് കിട്ടിയിട്ടുണ്ട്. ചീഫ് സെക്രട്ടറി ക്യാബിനററിൽനിന്ന് അത് മറച്ചു വയ്ക്കാനുള്ള തന്റേടം കാണിച്ചത് കരുണാകരൻ കൊടുക്കുന്ന പിൻതുണ കൊണ്ടുമാത്രമായിരിക്കണം. അത് മറച്ചു വച്ചില്ലേ ? അല്ലെങ്കിൽ ആ നളിൻ എന്നുപറയുന്ന കമ്പനി രംഗത്ത് വരുമായിരുന്നല്ലോ ? രണ്ടാഴ്ച നിങ്ങൾ വെയിററ് ചെയ്തിരുന്നുവെങ്കിൽ എത്ര കമ്പനികളുടെ ഓഫർ ആ പീരീഡിൽ നിങ്ങൾക്ക് കിട്ടുമായിരുന്നു. വേണ്ടല്ലോ, ഇവിടെ ടെലിഫോൺ ഉണ്ടല്ലോ ? മറെറല്ലാ സൗകര്യങ്ങളും ഉണ്ടല്ലോ. നിങ്ങൾക്കൊക്കെ അറിയാമല്ലോ, ഈ ലോകത്ത് ഈ കാര്യങ്ങളിൽ ഇടപാട് നടത്തുന്ന ഡസൻ കണക്കിന് കമ്പനികൾ, സാർവ്വദേശീയ പ്രശസ്തിയുള്ള കമ്പനികൾ ഉണ്ടെന്ന്. അവരെ ഒന്ന് അറിയിച്ചുകൂടായിരുന്നോ ഞങ്ങൾക്ക് ഇങ്ങനെ പാമോലിൻ ആവശ്യമുണ്ടെന്ന്. അവർ എത്ര ഓഫർ വേണമെങ്കിലും വയ്ക്കുമായിരുന്നല്ലോ ? അതിനൊന്നും പോകാതിരുന്നതാണ് സർ, ഇതിൽ ഏററവും വലിയ സംശയത്തിന് ഇടനൽകുന്ന കാര്യം മുൻകൂട്ടി തീരുമാനിച്ച്, മുൻകൂട്ടി കമ്മീഷൻ ഫിക്സ് ചെയ്ത്, വിലയുടെ കാര്യം വേഗായി വിട്ടിട്ട് ഒരു കമ്പനിക്ക് കൊടുക്കണമെന്ന് ക്യാബിനററിന്റെ പുറകിൽക്കൂടി തീരുമാനമെടുത്ത് അത് നടപ്പാക്കുമ്പോൾ അതിന്റെ ലാഭം ഈ രാജ്യത്തിന്റെ പൊതുഖജനാവിൽനിന്ന് ചോർത്തിയെടുത്ത് തങ്ങളുടെയൊക്കെ പോക്കററിൽ കൊണ്ടുപോയി എത്തിക്കണമെന്നുള്ള മോഹം മാത്രമായിരുന്നു ഉണ്ടായിരുന്നത്. സർ, അതുകൊണ്ട് ഈ സന്ദർഭത്തിൽ ഇനി ഒരു റിക്കാർഡും ചോദിക്കുന്നില്ല. ഒരു ഫയലിന്റേയും ആവശ്യമില്ല. ഇനിവേണ്ടത് മുഖ്യമന്ത്രിയുടെ കസേരയിൽനിന്ന് അന്തസ്സുണ്ടെങ്കിൽ കരുണാകരൻ രാജിവച്ച് മാറിനിന്നുകൊണ്ട് ഒരു അന്വേഷണത്തിന് ഉത്തരവിടണം. അന്വേഷണത്തിന് ഉത്തരവിടുമ്പോൾ ഹൈക്കോടതിയിലെയോ, സുപ്രീം കോടതിയിലേയോ ഒരു ജഡ്ജിയെക്കൊണ്ട് ആ അന്വേഷണം നടത്തണം. ഇങ്ങനെ സത്യസന്ധമായ ഒരു അന്വേഷണം നടത്തുമ്പോൾ—കരുണാകരൻ ഈ മുഖ്യമന്ത്രിയുടെ കസേരയിലിരുന്നു കൊണ്ട് സത്യസന്ധമായ അത്തരമൊരു അന്വേഷണം നടത്താൻ കഴിയുകയില്ല. അതുകൊണ്ട് അദ്ദേഹം രാജിവയ്ക്കണം. അദ്ദേഹത്തിന്റെ കോക്കസിലെ മററ് അംഗങ്ങൾക്കെതിരെ നടപടി ഗവൺമെന്റ് സ്വീകരിക്കണം. കുറഞ്ഞ പക്ഷം അവരെ സസ്പെൻറുചെയ്തുകൊണ്ട് അന്വേഷണത്തിനുള്ള ഉത്തരവ് ഇടണം. ജുഡീഷ്യൽ എൻക്വയറിയിൽക്കൂടി തെളിയിക്കാവുന്ന കാര്യങ്ങളേ അതിനകത്തുള്ളു. അത് തെളിയിക്കണം. അത് തെളിയിക്കാതെ ടെലിഫോൺ ബില്ലിന്റെ 50% കുറയ്ക്കണം എന്നാണ് പറയുന്നത്. പാവം ടെലിഫോൺ ബിൽ. പഴയ ഒരു ചൊല്ല് ഇല്ലേ ? 'മരം കൊണ്ട് കാട് കാണാതാകുന്നുവെന്ന്'. നമ്മൾ നശിക്കുന്നത് ടെലിഫോൺ ബില്ലുകൊണ്ടാണോ ? നമ്മൾ നശിക്കുന്നത് ഒരു ഭാഗത്ത് സാമ്പത്തിക മാനേജുമെന്റിൽ നിങ്ങൾ കാണിക്കുന്ന പിടിപ്പുകേട്. രണ്ടാമത് നിങ്ങൾ ഈ രാജ്യത്ത് ഒരു കൂട്ടം വിരലിൽ എണ്ണാവുന്നവർക്കുവേണ്ടി, അവരുടെ നന്മക്കുവേണ്ടി ഭരിക്കുന്നതുകൊണ്ട് നിങ്ങൾ സാധാരണക്കാരെ, പഴയദരിദ്ര നാരായണൻമാരെ വിസ്മരിച്ചതുകൊണ്ട്. മൂന്നാമത് ഈ രാജ്യത്തിന്റെ ഖജനാവ് ചോർത്തിയെടുത്ത് സ്വന്തം പോക്കററുകൾ വീർപ്പിക്കുന്നതിൽ മുൻപനായി നിൽക്കുന്നത് ഈ ഭരണത്തിന്റെ തലപ്പത്തിരിക്കുന്ന മുഖ്യമന്ത്രിതന്നെയായതുകൊണ്ട്. 'വേലിതന്നെ വിളവ് തിന്നുന്നു'. അങ്ങനെ വരുമ്പോൾ ആ വേലി മാററി കെട്ടണം. അല്ലാതെ നിവൃത്തിയില്ല. അതുകൊണ്ട് ഈ കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ ഒരിക്കൽക്കൂടി ആവശ്യപ്പെടുകയാണ്, മുഖ്യമന്ത്രി രാജിവയ്ക്കണം, അദ്ദേഹത്തിന്റെ കോക്കസിലെ

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങളെ സസ്പെൻറുചെയ്ത് ഒരു ജുഡീഷ്യൽ അന്വേഷണം ഹൈക്കോടതിയിലേയോ, സുപ്രീം കോടതിയിലേയോ സിറ്റിംഗ് ജഡ്ജിയെ വച്ച് നടത്തണം. അങ്ങനെ നടത്തിയാൽ നിങ്ങളുടെ ബഡ്ജറ്റിൽ നിങ്ങൾ പറയുന്ന കുറെ കാര്യങ്ങളൊക്കെ കൂടി മര്യാദയ്ക്ക് നടത്താനുള്ള ഒരു സാഹചര്യമുണ്ടായേക്കാം. ഞാൻ ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുകയാണ് ഇതുകൂടി പറഞ്ഞ് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. പി. ബാലൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വളരെയേറെ യാഥാർത്ഥ്യ ബോധത്തോടുകൂടി ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആത്മാർത്ഥമായി ശ്രമിക്കുന്ന ധനകാര്യമന്ത്രിയിൽനിന്നുമാത്രമേ ഇത്തരമൊരു ബഡ്ജറ്റ് രൂപപ്പെട്ടുവരികയുള്ളൂ. ഏത് ധനകാര്യമന്ത്രിയും ആഗ്രഹിക്കുന്നത് കഴിയുമെങ്കിൽ മിച്ച ബഡ്ജറ്റ് അവതരിപ്പിക്കാനാണ്. പക്ഷേ ഒരു മിച്ച ബഡ്ജറ്റ് അവതരിപ്പിക്കുകയെന്നതിന്റെ പേരിൽ പാവപ്പെട്ടവരെ പിഴിഞ്ഞ് കാശുണ്ടാക്കി അവരെ ദ്രോഹിച്ച് ഒരു മിച്ച ബഡ്ജറ്റ് അവതരിപ്പിച്ചുവെന്ന ഖ്യാതി നേടാനല്ല; യാഥാർത്ഥ്യങ്ങളെ മറച്ചുവയ്ക്കാതെ രൂപപ്പെടുത്തിയ ഒരു ബഡ്ജറ്റാണിത്. അതുകൊണ്ട് ഞാൻ ഉമ്മൻചാണ്ടിയെ അഭിനന്ദിക്കുകയാണ്. ഇവിടെ ഈ ബഡ്ജറ്റ് ചർച്ചയോട് ബന്ധപ്പെടുത്തി ശ്രീ. ചന്ദ്രപ്പൻ മൻമോഹൻസിംഗിനേയും ഇവിടെ കൂട്ടിക്കൊണ്ടുവന്നു. മൻമോഹൻസിംഗിന്റെ കൈപിടിച്ചുനടക്കുന്ന ഒരു കൊച്ചുകുട്ടി. ഇപ്പോൾ ചന്ദ്രപ്പന് സംഭവിച്ചതെന്താണെന്നറിയുമോ? അദ്ദേഹത്തിനു മാത്രമല്ല, കൃഷ്ണൻ കണിയാംപറംപലിനും ഒക്കെ സംഭവിച്ചത് ഒരു നാഗം ഫ്രണ്ടിന് പറ്റിയതാണ്. കത്തിടപാട് നടത്തിയിട്ട് അവൾ സുന്ദരിയാണ്, പനംകുലപോലുള്ള നീണ്ട തലമുടിയാണ്, അരിമുല്ല പോലുള്ള പല്ലാണ് എന്നൊക്കെ നാട്ടുകാരോടും വീട്ടുകാരോടുമൊക്കെ പറഞ്ഞു. അങ്ങനെ അനവധികാലം പറഞ്ഞു നടന്നു. ഒരിക്കൽ ഈ കത്തിടപാട് നടത്തിയ പെൺകുട്ടി രക്ഷിതാക്കളോടുകൂടി നേരിട്ടുവന്നപ്പോൾ അരിമുല്ലപോലുള്ള പല്ല് കോന്തൻ പല്ലാണ് പനംകുലപോലെ മുടിയില്ല, കുററിച്ചൂലുപോലെ മുടിയാണ്. അതുപോലെ കഴിഞ്ഞകാലം സോവിയററ് റഷ്യയിലേയും അവിടത്തെ കമ്മ്യൂണിസ്ററ് സിദ്ധാന്തത്തിന്റെയും മനോഹാരിത വർണ്ണിച്ചുനടന്ന് 70 കൊല്ലം കഴിഞ്ഞപ്പോൾ ആ മനോഹരിയെ കണ്ടു. അതിന് കോന്തൻ പല്ലാണ്, അതിന് കുററിച്ചൂലുപോലെ മുടിയാണ്, അതിന് സൗന്ദര്യമില്ല എന്ന് ബോധ്യപ്പെട്ടപ്പോൾ ആ കാമുകനുണ്ടായ നിരാശയും ആ നിരാശയിൽനിന്ന് ഉടലെടുത്ത വ്യർത്ഥതാബോധവുമാണ് അദ്ദേഹം ഇവിടെ പ്രകടിപ്പിച്ചത്. ഞാൻ പറയുകയാണ്, മൻമോഹൻസിംഗിന്റെ ബഡ്ജറ്റിനെ മറക്കുക, മൻമോഹൻസിംഗിന്റെ സാമ്പത്തിക പരിപാടികളെ മറക്കുക. എന്നാൽ ചന്ദ്രപ്പനും ശിവദാസമേനോനുമൊക്കെ വിശ്വസിക്കുന്ന കമ്മ്യൂണിസ്ററ് സിദ്ധാന്തങ്ങൾ അനുസ്യൂതം പ്രയോഗത്തിലിരുന്ന ഒരു രാജ്യത്തിന് ഐ. എം. എഫ്.-നെ സമീപിക്കേണ്ടിവന്നുവെങ്കിൽ അതിൽനിന്ന് ഞാനും നിങ്ങളും മനസ്സിലാക്കേണ്ടത് കമ്മ്യൂണിസ്ററ് സിദ്ധാന്തത്തിന് അവിടെയുള്ള ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതെപോയി എന്നാണ്. അതിനു കഴിയുമായിരുന്നുവെങ്കിൽ പഴയ സോവിയററ് യൂണിയൻ ഐ.എം.എഫ്.-നോട് കടം വാങ്ങിക്കുമോ? വാങ്ങിക്കുകയില്ല. ചൈന ഐ.എം.എഫ്.-നോട് കടം വാങ്ങിക്കുമോ? അവിടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കമ്മ്യൂണിസത്തിന്റെ പ്രയോക്താക്കളയവർക്ക് സാധിച്ചിരുന്നെങ്കിൽ അവർ

2/1142/93/V.